പാലം, നിലയ്ക്കലിലെ കുഴൽകിണർ നിർമ്മാണം എന്നീ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്.

35 കോടി രൂപ ചെലവഴിച്ച് നടത്തുന്ന നിർമ്മാണ പ്രവൃത്തികളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) നിലവിലെ ശബരിമല മാസ്റ്റർപ്ലാനിൽ എരുമേലിയിലെ വികസനം ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ അയ്യപ്പഭക്തർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി ഓരോ സീസണിലും സർക്കാർ ഫണ്ട് അനുവദിച്ചുവരുന്നുണ്ട്.

ശബരിമലയിലെ ദേവസ്വം ബോർഡിന്റെ വരുമാനം

109 (2318) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ശബരിമലയിലെ ദേവസ്വം ബോർഡിന്റെ വരുമാനം എത്ര വീതമെന്ന് ഓരോ വർഷവും തിരിച്ച് വിശദമാക്കുമോ ;

(ബി) പ്രസ്തുത വരുമാനത്തിൽ ഗോൾഡ് ആഭരണങ്ങളും ഗോൾഡ് കോയിനുകളും മറ്റും ഓരോ വർഷവും എത്ര വീതം ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത സ്വർണ്ണ ഉരുപ്പടികളും മറ്റും സൂക്ഷിക്കുന്ന സംവിധാനത്തെ കുറിച്ച് വിശദമാക്കുമോ ; ഇതിന്റെ സൂക്ഷിപ്പുകാരൻ ആരാണ് ?

ഉത്തരം

(എ) 2011 - 2012 = 172,78,56,789.25 രൂപ
2012 - 2013 = 179,40,98,672 "
2013 - 2014 = 205,55,82,793 "
2014 - 2015 = 220,22,30,742 "

(ബി)

1-5-2011 മുതൽ 31-12-2011 വരെ - 3810 ഗ്രാം 540 മി.ഗ്രാം സ്വർണ്ണം
1-1-2012 മുതൽ 31-12-2012 വരെ - 13799 ഗ്രാം 220 "
1-1-2013 മുതൽ 31-12-2013 വരെ - 5835 ഗ്രാം 680 "
1-1-2014 മുതൽ 31-12-2014 വരെ -7944 ഗ്രാം 530 "
1-1-2015 മുതൽ 31-5-2015 വരെ - 2450 ഗ്രാം 540 "

LIBRARY ARCHIVES Kerala Legislative Assembly

(സി) ശബരിമല ദേവസ്വത്തിൽ നേർച്ചയായിവരുന്ന സ്വർണ്ണ വകകൾ ശബരിമല ദേവസ്വം ഹെഡ് അക്കൗണ്ടന്റ് നിയമാനുസരണം ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തി ദേവസ്വം സ്ട്രോംങ്ങ് റൂമിൽ സൂക്ഷിക്കുകയാണ് ചെയ്തുവരുന്നത്.

കൊട്ടാരക്കര ഗണപതി ക്ഷേത്രക്കുളം ശുദ്ധീകരിക്കാൻ നടപടി

110 (2319) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര ഗണപതി ക്ഷേത്രക്കുളത്തിൽ മത്സ്യങ്ങൾ കൂട്ടത്തോടെ ചത്തുപൊങ്ങാൻ ഇടയായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആയതിനുള്ള കാരണങ്ങൾ എന്തെല്ലാമാണ് ;

(ബി) ക്ഷേത്രക്കുളത്തിലെ ജലത്തിൽ കോളിഫോം ബാക്ടീരിയയുടെ അളവ് ക്രമാതീതമായി ഉയർന്ന നിലയിലാണ് എന്ന് വെളിപ്പെട്ടിട്ടുണ്ടോ ;

(സി) ക്ഷേത്രക്കുളത്തിലെ ജലം ശുദ്ധീകരിക്കുന്നതിന് അടിയന്തരമായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. കുളത്തിലെ വെള്ളത്തിൽ Dissolved Oxygen (D.O) ഇല്ലാതിരുന്നതാണ് മത്സ്യങ്ങൾ ചത്തുപൊങ്ങാൻ കാരണമെന്ന് സർക്കാർ അനലിറ്റിക്കൽ ലബോറട്ടറി പരിശോധനയിൽ തെളിഞ്ഞിട്ടുണ്ട്.

(ബി) ആരോഗ്യവകുപ്പിന്റെകീഴിലുള്ള ഗവൺമെന്റ് അനലിറ്റിക്കൽ ലബോറട്ടറി പരിശോധനയിൽ ക്ഷേത്രക്കുളത്തിലെ ജലത്തിൽ കോളിഫോം ബാക്ടീരിയയുടെ അളവ് അനുവദനീയമായതിലും വളരെ ഉയർന്ന നിലയിലാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

(സി) ക്ഷേത്രക്കുളത്തിലെ ജലം ശുദ്ധീകരിക്കുന്നതിന് ജലം പൂർണ്ണമായി വറ്റിച്ച് ചെളി വാരി വൃത്തിയാക്കുന്നതിന് വേണ്ട അടിയന്തര നടപടി സ്വീകരിക്കുന്നതിനുള്ള നടപടികൾ തിരുവിതാംകൂർ ദേവസ്വം ബോർഡ് സ്വീകരിച്ചിട്ടുള്ളതായി ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly